[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

VIII. വ്യക്തിപരമായ വിശദീകരണം

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട മെമ്പർ അടൂർപ്രകാശ് സംസാരിച്ചപ്പോൾ എക്സ്പ്രസ് ഹൈവേ സംബന്ധിച്ച് ആലോചന നടത്തിയതിൽ പി. സി. ജോർജിന് ബന്ധമുള്ളതായി പറയുകയുണ്ടായി. ഞാൻ വളരെ വിനയത്തോടുകൂടി പറയുകയാണ്, ശ്രീ. പി. ജെ. ജോസഫിന്റെ കാലത്താണ് ഇതുണ്ടായത് എന്നുള്ള കാര്യംപോലും എനിക്കറിയില്ല. ഞാൻ ഉൾപ്പെട്ട പാർട്ടിയിൽ ഇത് ചർച്ച ചെയ്തിട്ടില്ല. എക്സ്പ്രസ് ഹൈവേ എന്ന ആശയം ഉണ്ടായതുമുതൽ ഞാൻ ആശയപരമായി അതിനെതിരാണ്. നടപ്പാക്കുന്നത് നിങ്ങളുടെ കാര്യം.

ധനകാര്യം (തുടർച്ച)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, വാഹന ഗതാഗതം എന്ന ഡിമാന്റിലെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ മാത്രം വിശദീകരണ മെന്നുള്ള നിലയിൽ പറയാനാഗ്രഹിക്കുകയാണ്. നമ്മളിവിടെ ചർച്ച ചെയ്തത് വാഹന ഗതാഗതമല്ല; കെ.എസ്.ആർ.ടി.സി.-യെക്കുറിച്ചാണ്. ഇവിടെയുള്ള അംഗങ്ങൾക്ക് അറിയാവുന്നതുപോലെ കെ.എസ്.ആർ.ടി.സി.-ക്ക് ബഡ്ജറ്റിൽ പണമില്ല. ബഡ്ജറ്റാണ് നമ്മൾ ചർച്ച ചെയ്യുന്നതെങ്കിൽ കെ.എസ്.ആർ.ടി.സി. ചർച്ചയിൽ വരേണ്ട കാര്യമില്ല. പക്ഷേ കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് ഇവിടെ ചർച്ച ചെയ്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കെ.എസ്.ആർ.ടി.സി.-യിൽ ഉണ്ടായിരുന്നതിൽ ഒരു ഷെഡ്യൂളും കുറച്ചിട്ടില്ല. തെറ്റിദ്ധാരണ പരത്തുന്ന രീതിയിൽ പല പ്രസ്താവനകളും വന്നതുകൊണ്ട് ഞാൻ പറയുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 3,853 ഷെഡ്യൂളു കളാണുണ്ടായിരുന്നത്. കെ.എസ്.ആർ.ടി.സി.-യിൽ രേഖപ്പെടുത്തിയ റിക്കാർഡുകളുണ്ട്. എല്ലാ ജില്ലകളിലും രേഖകൾ സൂക്ഷിച്ചിട്ടുണ്ട്. രേഖകൾ സൂക്ഷിച്ചിരിക്കുന്നത് ഈ ഗവൺമെന്റിന്റെ കാലത്തുമാത്രമല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സൂക്ഷിച്ചിരുന്ന രേഖകളുടെയും അടിസ്ഥാനത്തിൽ, (2001 ജൂൺ മാസത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്). 3853 ഷെഡ്യൂളുകൾ ഉണ്ടായിരുന്ന കെ.എസ്.ആർ.ടി.സി.-യിൽ 1-7-2004-ൽ 3,915 ഷെഡ്യൂളുകൾ ഉണ്ട്. ഇത് ആധികാരികമായ കണക്കാണ്. ബഹുമാനപ്പെട്ട അംഗങ്ങളെ ആരെങ്കിലും തെറ്റിദ്ധരിപ്പിച്ചിട്ടുണ്ടെങ്കിൽ അതു ശരിയല്ല. ഇതാണ് ആധികാരികമായ കണക്ക്. അതിന്റെയർത്ഥം, കെ.എസ്.ആർ.ടി.സി.-യിൽ ഷെഡ്യൂളുകൾ കുറച്ചിട്ടില്ല എന്നു മാത്രമല്ല പത്തു നൂറു ഷെഡ്യൂളുകളെങ്കിലും വർദ്ധിപ്പിച്ചിട്ടേയുള്ളൂ. കെ.എസ്.ആർ.ടി.സി.-യിൽ ഷെഡ്യൂളുകൾ നടത്താനുള്ള ബുദ്ധിമുട്ടിനെക്കുറിച്ച് മലബാർ, തൃശ്ശൂർ ജില്ലകളിൽനിന്നു വരുന്ന അംഗങ്ങൾക്കറിയാം. സ്വകാര്യ ബസ്സുകളുമായി മൽസരിക്കാൻ കെ.എസ്.ആർ.ടി.സി.-ക്ക് കഴിയുന്നില്ല. സ്വകാര്യ ബസ്സുകൾ സൗകര്യപൂർവ്വമായി

LIBRARY ARCHIVES Kerala Legislative Assembly